## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

**114 (2609)** ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിപണിയിൽ നിത്യോപയോഗസാധനങ്ങളുടെ 2011-ലെയും 2015-ലെയും വിലകൾ തമ്മിൽ താരതമ്യംചെയ്ത കണക്ക് ലഭ്യമാക്കുമോ ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പച്ചക്കറിയുടെ വിലക്കയറ്റത്തിനും ഇടയാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) 2011 ഏപ്രിൽ ഒന്നിലേയും 2015 ഏപ്രിൽ ഒന്നിലേയും നിത്യോപയോഗ സാധനങ്ങളുടെ ശരാശരി വിലയും അവയുടെ ശതമാന വ്യതിയാനവും കണക്കാക്കിയ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ കാലയളവിൽ പച്ചക്കറികളുടെ വിലയിലും വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ ഈ വിലക്കയറ്റത്തിന് കാരണം നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവാണെന്ന് പറയാൻ സാധിക്കുകയില്ല.

## നെല്ലിന്റെ സംഭരണ വില

**115 (T 2610)** ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരിൽനിന്നും നിലവിൽ നെല്ല് സംഭരിക്കുന്നത് എന്ത് തുകയ്ക്കാണ് ; ഇത് ഉല്പാദന ചെലവുമായി താരതമ്യം ചെയ്യുമ്പോൾ തുലോം കുറവാണ് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിക്കുമോ ;

(സി) ഉല്പാദനച്ചെലവിന് അനുസൃതമായി സംഭരണവില നിശ്ചയിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ&ബി) സപ്ലൈകോ നിലവിൽ 19 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. കേരളത്തിൽ, രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണ വിലയാണ്. നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം നിലവിൽ പരിഗണനയിലില്ല.

(സി) ഉല്പാദന ചെലവിനനുസൃതമായിട്ടാണ് Commission for Agricultural Cost & Prices ശിപാർശ ചെയ്തിട്ടുള്ളതും സർക്കാർ സംഭരണവില നിശ്ചയിച്ചിട്ടുള്ളതും.

**പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻകാർഡ്**

**116 (2611)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വർഷങ്ങളായി പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻകാർഡ് നൽകാൻ നിലവിൽ സംവിധാനമുണ്ടോ ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ?

ഉത്തരം

ഉണ്ട്. പുറമ്പോക്കിലും മിച്ചഭൂമിയിലും കുടിലുകെട്ടി താമസിക്കുന്ന ഭൂരഹിതരായ അപേക്ഷകർ താമസിക്കുന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഡ് മെമ്പറിൽനിന്നുംലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർ/താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ആഫീസർ ആവശ്യമായ പരിശോധന നടത്തിയശേഷം താൽക്കാലിക കാർഡ് അനുവദിക്കുന്ന സമ്പ്രദായം 26-4-2003 മുതൽ നിലവിലുണ്ട്.

**പാരിപ്പള്ളി കേന്ദ്രമാക്കി പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോർ**

**117 (2613)** ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പാരിപ്പള്ളി കേന്ദ്രമാക്കി പുതിയ സപ്ലൈകോ മെഡിക്കൽസ്റ്റോർ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly